"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം -VC 3/202/TSR- ട്രാപ്പ് കേസ്-അച്ചടക്ക നടപടി- 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം-അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.982/2026/LSGD തീയതി,തിരുവനന്തപുരം, 09-05-2026

പരാമർശം:-
1. DySP,വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂരിന്റെ 23.02.2021-ലെ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 05.04.21-ലെ C4(VC03/2021/TSR)5396/2021 നമ്പർ റിപ്പോർട്ട്.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.07.22-ലെ E10/10398/2021/CE/LSGD നമ്പർ കത്ത്.
4. 17.02.2022-ലെ EWA4/189/2021-LSGD നമ്പർ കുറ്റപത്രം.
5. ശ്രീ.മഹേഷ്‌ലാൽ N.Y. സമർപ്പിച്ച 21.02.22-ലെ എതിർവാദ പത്രിക.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ ഒന്നാംതരം ഓവർസിയറായിരുന്ന ശ്രീ.മഹേഷ് ലാൽ എൻ.വൈ. (PEN: unavailable, DoR:31.03.2031), കംപ്ലീഷൻ പ്ലാൻ അനുമതി നല്കുന്നതിനുവേണ്ടി കൈക്കൂലി വാങ്ങവേ വിജിലൻസ് ട്രാപ്പിൽ അറസ്റ്റ് ചെയ്യപ്പെടുകയും ടിയാനെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC 03/21/TSR നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.02.2021 പ്രാബല്യത്തിൽ ടിയാനെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാർ ടിയാനെതിരെ KCS (CC&A) Rules 1960-യിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്കനടപടി ആരംഭിച്ചു. കുറ്റാരോപിതൻ പരാമർശം 5 പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ

ആരോപണങ്ങൾ നിഷേധിച്ചു.

മേൽ സാഹചര്യത്തിൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടിയുടെ ഭാഗമായി 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി. ഗ്രേസി ജോസഫിനെ (PEN:604597) ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

KCS(CCA) Rules 1960, Manual on Disciplinary Proceedings (MDP) എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രത്തിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥയുടെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) ശ്രീമതി. ഗ്രേസി ജോസഫ് (PEN:604597), തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) **(തദ്ദേശ സ്വയം ഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).**
2) ശ്രീ.മഹേഷ് ലാൽ എൻ.വൈ. മുൻ ഒന്നാം തരം ഓവർസിയർ, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് **(തദ്ദേശ സ്വയം ഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).**
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് **(അടിയന്തര തുടർനടപടിയ്ക്കായി)**
3) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്,കേരള, തൃശ്ശൂർ)
4) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,.
5) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 11-05-2026 11:33:25
സെക്ഷൻ ഓഫീസർ